The Cochin Ezhuthassan Bill.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Mr. President, Sir, I beg leave to present the Select Committee Report on the Cochin Ezhuthachan Bill and move that the Bill as reported by the Select Committee be taken up for consideration.

Based on my experience of the Bill which I had the privilege of moving for consideration by the House just before, I am sure that this piece of legislation will be welcomed by this house. This is a Bill which affects only a small section of the inhabitants of Cochin numbering about eighteen thousands. The Ezhuthassan Community of the State follows the Mithakshara system of law as modified by custom in one or two respects. A small section of the community, I do not know, for what reasons, are following the marumakkathayam system of inheritance. This bill as has been stated in the Objects and Reasons attached to the draft bill affect the Ezhuthassan Community that follows the makkathayam system of inheritance and who form the bulk of the community in the State. Neither this vast bulk of the Makkathayi Ezhuthassans nor the few Marumakkathayi Ezhuthachans had any codified law. As regards the latter, the Marumakkathayi Ezhuthachans the Bill which was just considered and passed by this house will codify their law. As regards the former although we have no codified law, there has been a decision of the Chief Court wherein the Judges held that the Makkathayi Ezhuthachans follow the Mithakshara Hindu Law except in cases covered by long practised custom. This decision of the great tribunal of the land does not help the Community much. Hence the few enlightened people belonging to the Community feel that the law governing them should be codified.

I made an attempt, Sir, at the instance of the Ezhuthachan Mahasamajam, to get passed a legislation of this nature during the lifetime of the previous Council but owing to circumstances over which I had no control, the Bill could not be got through. So I again introduced this Bill in the early months of this the fourth Council and it is gratifying to note that unlike the other Bill, althogh after a long lapse of time, it has passed through the various preliminary stages and reached the stage for consideration. On this Bill the Select Committee took evidence at different centres, as many as seven in number, thickly inhabited by the members of this community. We took evidence in 2 places in the Talapilly Taluk Thiruvilwmala and Chelakkara

LIBRARY ARCHIVES Kerala Legislative Assembly

where the community resides in large numbers, in 4 places in the Trichur Taluk where the bulk of the community in that taluk resides viz., Perincheri, Moorkanikkara, Cherpu and Choorakattukara and in one place in the Chittur Taluq., i. e., in Nemmara. The bulk of the opinion collected in these centres, consisting as it does the testimony of almost every man who is literate in the community, is in favour of this measure. Any person who could think in the community has given his or her opinion in one form or other, either by giving their evidence directly, or by giving the Committee their considered written opinion. Except to the extent of a very small section of the people in Nenmara, the opinion is unanimous, that the main provisions of the Bill are a necessity. The Bill seeks to do away with the meaningless inequality that has been perpetuated for ages between children of the same father for the simple of their belonging to different sexes, the son getting the whole of property while the daughter gets nothing. I submitted to this house already that there are a few customs which have crept into the Community varying from the Mithakshara Hindu law that is obtaining today. The most important of these customs is the system of divorce followed of-course by the right of re-marriage. Any one who knows anything about the community will be able to tell us that the position of the woman whether she be a divorced lady or a widowed one or an un-married daughter is something most unenviable. The family of her birth does not afford her any protection and the family to which she is married deserts her. That is exactly the position of the women-folk of my community now. It is a sorrowful picture that I am presenting before this House. I am constrained to do it especially as I understand that the Government are not in full sympathy with this measure. I say this because, I have been able to smell out something from the dissenting minute of the Chairman-Government Advocate-appearing within the main report itself of the Select Committee. The ground of opposition, I am told, is based on the fact that there are certain people in the community, the orthodox and the most conservative type of men who do not like to have any change from the prevalent custom under which the males were allowed to ill-treat the women in various ways.

The idea underlying this piece of legislation is to give some right of property to females, if not equal rights with males, in the matter of inheritance to the property of the father. That is one of the provisions of the Bill. Another attempt through this legislation is the restricting of divorces

LIBRARY ARCHIVES Kerala Legislative Assembly

which unfortunately now prevail in the community, which some consider to be a healthy institution. I do not think that there is anything more that is sought to be introduced by this bill which are by way of drastic changes from what is obtaining in the community at present. The Bill before this house, is a very modest measure. This is only a measure intended to treat the women of my community as human-beings and not chattels to be used by the male members of the community. I am sure, as I submitted before, that a modest measure of this sort will not be opposed by any section of this House inclusive of the Treasury Benches. I place this Bill as re-drafted by the Select Committee for the consideration of this House.

Mr. C. R. Iyyunni *(Trichur South).*—I second the motion.

Mr. A. Eachara Menon *(Chittur Rural).*—Sir, I beg to present a petition to this Council signed by more than 400 gentlemen. I will read only certain relevant portions.

"ഈ വിധമുള്ള ഒരു സമുദായിക നിയമത്തെ ഈ ചെറുസമുദായത്തിന്റെ തലയിൽ ചുമത്തുന്നതു വംശത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും ഈ രണ്ടു താലൂക്കുകളിലെ തലോം മുഴുവൻ ജനങ്ങളുടേയും ഇഷ്ടത്തിനും വംശക്ഷേമത്തിനും കേവലം വിരോധമായിട്ടുള്ളതും, ഏതാനും വ്യക്തികളുടെ സ്വാർത്ഥത്തെമാത്രം ഉദ്ദേശിച്ചിട്ടുള്ളതുമാകുന്നു.

ഈ ബിൽ നിയമമായി പരിണമിക്കുന്നപക്ഷം രാഷ്ട്രീയ വ്യത്യാസംനിമിത്തം മുഴുവൻ വംശത്തിലും അതിനെ നടപ്പിൽ വരുത്തുവാൻ നിവൃത്തിയില്ലാതെവരുന്നതും ജാത്യാചാരനടപടികളിൽ ഈ ചെറുസമുദായം ഭിന്നിക്കുവാനും വംശത്തിൽ വ്യവഹാരവർദ്ധനയും ഐകമത്യക്കുറവും ധനനാശവും സംഭവിച്ചു കൊച്ചിരാജ്യത്തിലെ എഴുത്തച്ഛൻസമുദായം കാലക്രമേണ അധോഗതി പ്രാപിച്ചു നാമാവശേഷമായിത്തീരുവാനും ഇടയുണ്ടെന്നു സൂക്ഷ്മചിന്തകന്മാക്കു് എളുപ്പത്തിൽ അറിയാവുന്നതാണു്. വംശത്തിൽ സർവ്വത്ര നടപ്പിൽവരുത്തുവാൻ സാധിക്കാത്ത ഒരു സമുദായിക നിയമത്തെ ഇണക്കി വംശത്തിലെ ഏതാനും ഭാഗത്തിൽമാത്രം നിർബന്ധപൂർവ്വം ചുമത്തുന്നതു നിയമകർത്തൃത്വത്തിന്റെ ഉദ്ദേശത്തിനും സാദ്ധ്യത്തിനും ധർമ്മനീതിക്കും ഭരണനയത്തിനും കേവലം വിരോധമാകുന്നു. ഈ വംശത്തിന്റെ കിടപ്പും സ്ഥിതിയും നോക്കിയാൽ രാഷ്ട്രീയ വ്യത്യാസത്താൽ പൂർത്തിയായി പ്രായോഗികമാക്കത്തക്കതല്ലാത്തതായ ഒരു നിയമം ആശാസ്യകരമല്ല.

ആവശ്യം. സമുദായം ഇപ്പോൾ ആചരിച്ചുവരുന്ന മിതാക്ഷരനിയമം സമുദായ പുരോഗതിക്കു തക്കവിധം തൃപ്തികരമല്ലാത്തതിനാലും വ്യാപ്തി പോരാത്തതിനാലും ഈ വിധം ഒരു സാമുദായികനിയമം എഴു

LIBRARY ARCHIVES Kerala Legislative Assembly

ത്തച്ഛൻ വംശത്തിന് ആവശ്യമാണെന്ന അവതാരകൻ പറയുന്നതു് അർത്ഥഹീനവും സാഹസവും യുക്തിക്കും അനുഭവത്തിനും ഒത്തതല്ലാത്തതുമാകുന്നു. മിതാക്ഷരനിയമം ആചരിച്ചുവരുന്ന മറ്റു ഏതൊരു ഹിന്ദുസമുദായവും തങ്ങൾക്ക് ഈ വിധം ഒരു നിയമം വേണമെന്ന സ്വപ്നേപി ആശിക്കയില്ല. ഭാരതഭൂമിയിൽ ഉദ്ദേശം പതിനേഴു കോടിയിൽപരം ഹിന്ദുക്കൾ അനേക ശതാബ്ദകാലമായി ഈ നിയമത്തെ ആചരിച്ചു പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കെ കൊച്ചിരാജ്യത്തിലെ ഉദ്ദേശം പതിനേഴായിരം ജനങ്ങളടങ്ങിയ ഈ ചെറുസമുദായത്തിനുമാത്രം ആയതു ചേരിയതല്ലെന്നു പറയുന്നതു സാഹസവും ഭോഷത്വവുമാകുന്നു. ഈ വിധം ഒരു നിയമം സമുദായത്തിന്റെ പുരോഗതിക്കുള്ള പരിപൂർണ്ണതപദ്ധതിയില്ല. ആയതു നാഗരീകത്വത്തിന്റെ ലക്ഷണങ്ങളുമല്ല.

മിതാക്ഷരനിയമം അനേകം ഹൈക്കോടതി വിധികളാൽ വ്യവസ്ഥാപിതമായിട്ടുള്ളതാണു്. എഴുത്തച്ഛൻ സമുദായം മിതാക്ഷരനിയമം അനുസരിച്ചു നടക്കുന്നതാണെന്നു് കൊച്ചി ചീഫ് കോടതി തീർച്ചപ്പെടുത്തീട്ടുണ്ടു്. ആ പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിത്തന്നെ കൊച്ചിയിലും ബ്രിട്ടീഷിലും വിധവകൾക്കു് ഭർത്താവിന്റെ കുടുംബത്തിൽനിന്നു് ചിലവിനു വിധിച്ചിട്ടുണ്ടു്. ഈ സമുദായത്തിൽ അവിഭക്ത കുടുംബത്തിലെ ഒരു മെമ്പർ സന്തതിയില്ലാതെ മരിച്ചാൽ അയാളുടെ സ്വയാർജിത മുതലുകൾക്കു് മിതാക്ഷരനിയമപ്രകാരം വിധവയാണു് അവകാശി എന്നു് ഈയിടെ ആലത്തൂർ മുൻസിഫു കോടതിയിൽ തീർച്ചപ്പെടുത്തിട്ടുണ്ടു്. മേൽപറഞ്ഞപ്രകാരം ഈ ചെറുസമുദായത്തിലെ ആചാരനടപടികൾ കോടതി വിധികൾമൂലം വ്യവസ്ഥാപിതമായി ഭവിച്ചുവരുന്നമദ്ധ്യേ അതുകളെയെല്ലാം കീഴ്മേൽ മറിക്കത്തക്കവണ്ണം ഒരു പുതിയ നിയമം സമുദായത്തിനു് ആശാസ്യകരമല്ല. ഒരു പുതിയ നിയമം നിലപ്പെടേണ്ടതിനു് അനേകം വ്യവഹാരങ്ങൾ വേണ്ടിവരും. അതിനു് ഈ ചെറുസമുദായത്തിനു് ശക്തിയില്ല. മേൽപറഞ്ഞ കോടതി തീർപ്പുകളാൽ സമുദായത്തിലെ സ്ഥിതികൾക്കു് മിതാക്ഷരശാസ്ത്രമനുസരിച്ചുള്ള എല്ലാ അവകാശങ്ങളും രക്ഷകളും വ്യവസ്ഥപ്പെട്ടിട്ടുണ്ടു്.

വിവാഹം, വിവാഹമോചനം, ദായക്രമം മുതലായ പ്രധാന സാമുദായിക നടപടികളെ ഭേദപ്പെടുത്തുന്നതായി കൊച്ചിരാജ്യത്തിൽമാത്രം ഒരു പുതിയ നിയമം ഉണ്ടാകുന്നപക്ഷം ആയതു സർവ്വത്ര പ്രായോഗികമല്ലാതെ ബ്രിട്ടീഷിലെ സമുദായത്തോടു മിശ്രവിവാഹമുള്ള കൊച്ചി പ്രജകൾക്കു നേരിടാവുന്ന ബുദ്ധിമുട്ടുകളും സമുദായത്തിലെ സമുദായത്തിലെ കുഴപ്പങ്ങളും നഷ്ടകഷ്ടങ്ങളും അവർണ്ണനീയമാകുന്നു. പ്രസ്തുത ബില്ലിനെ ഈ വിധം പ്രതിഷേധിക്കുന്നതു വെറും യാഥാസ്ഥിതികത്വം കൊണ്ടാണെന്നു് കാര്യസൂക്ഷ്മം അറിയുന്നവർ പറകയില്ല. പരിഷ്കാരതിമിരത്താലോ സ്വാർത്ഥതയാലോ ഏതാനും വ്യക്തികൾക്കുമാത്രം ഇതി

LIBRARY ARCHIVES Kerala Legislative Assembly

ന്റെ പരോക്ഷമായും പ്രച്ഛന്നമായുമുള്ള ദോഷങ്ങളെ കണ്ടെത്തുവാൻ സാധിക്കാത്തതാണെന്നോ പറയേണ്ടൂ.

സിലക്ട് കമ്മിറ്റി റിപ്പോർട്ട് ധർമ്മനീതിക്കും ഈ സമുദായത്തിന്റെ അഭ്യുദയത്തിനും കേവലം വിരോധമാകുന്നു. . . . . "

Deputy President.—I do not think that it is necessary to read the petition in council, presented by Mr. Eachara Menon.

മിസ്റ്റർ എ. ഈച്ചരമേനോൻ (*Chittur Rural*).— അവസാനത്തെ ഭാഗംകൂടി വായിച്ചുകൊള്ളാം. "സ്വവംശജനായ അവതാരകൻ ഈ വിധം വംശനാശത്തിനുള്ള ഒരു 'കോടാലിക്കാമ്പ്' ആയി ഭവിച്ചു കാണുന്നതിലും ഇതിനെ സംബന്ധിച്ച് പൊതുധനത്തിൽ ഗണ്യമായ സംഖ്യ ഗവൺമെൻറു ചിലവാക്കേണ്ടിവന്നതിലും നിയമസഭയിലെ വിലയേറിയ സമയത്തെ ഇതിനുവേണ്ടി വ്യർത്ഥമാക്കേണ്ടിവന്നതിലും ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. . . . . .

ബഹുമാനപ്പെട്ട നിയമസഭയിലെ ഓരോ മെമ്പർമാരും മേൽപറഞ്ഞ സംഗതികളെ സശ്രദ്ധം ഭയവായി ആലോചിച്ചു എത്രയും ദൈന്യസ്ഥിതിയിലുള്ള ഈ ചെറുസമുദായത്തെ അനാവശ്യമായ ആപത്തുകളിൽ വലിച്ചിടാതെ ബില്ലിനെ തള്ളി വംശരക്ഷ ചെയ്യുന്നതിനു സവിനയം പ്രാർത്ഥിച്ചുകൊള്ളുന്നു".

(ഇത്രയും വായിച്ചശേഷം ഹർജി പ്രസിഡൻറവർകളുടെ പക്കൽ ഹാജരാക്കി.)

* **Mr. P. Govinda Menon** (*Adur*).—Mr. President, Sir, before entering into the merits of the bill before the House I wish to point out that there has been some mistake in the drafting of Chapter III which deals with inheritance. It deals with the share which a male and female member of an Ezhuthassan family is to get from the family property. The idea was that the individual property should be partitioned between the members of the family, should be divided in the way in which the family property is to be divided. That has been left out in the chapter on partition. It seems to me that unless that is made clear there will be difficulty in understanding and working out the provisions of the Bill, Therefore I would request that the Bill be recommited to a Select Committee to make the necessary alterations.

Mr. T. K. Nayar (*Pazhayannur*).—I beg to second it.

Mr. A. V. Moothedan (*Chalakkudi*).—A small committee will be sufficient for that.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Adur).*—It appears to me that a single amendment will not be sufficient to effect the necessary changes. Clauses 12 to 20 of the bill will have to be considered and redrafted. As suggested by the Hon'ble Member for Chalakkudi it need not go to the same Select Committee but it may be sent to a small committee which will be sufficient to do the drafting business.

Mr. A Narayana Menon *(Vyttila).*—Sir, what is pointed out by the Hon'ble Member for Adur is correct. We should say in the bill whether partition should be per capita or per shares we do not say here what are the properties to be divided. All the necessary elements for a chapter on partition are absent in the bill as it is presented to the House now. But I do not think that a recommital to a Select Committee is necessary. I think that the consideration of this Bill may be taken up at the next meeting so that members may send in their amendments. So I suggest that the consideration of this Bill be put off to the next session of the Council.

Mr. K. P. Kannan Nayar *(Secretary to Government).*—So far as the whole Bill is concerned the Government is opposed to it.

Dr. A. R. Menon *(Pallippuram).*—On a point of order, Sir. May I know what business has the Secretary to Government to inform the House at this stage what the Government are going to do with regard to this bill?

Deputy President.—The mover of the Bill has moved the Bill in Council for consideration of the same. So when that motion is made Government can say that they oppose it.

Mr. K. P. Kannan Nayar *(Secretary to Government).*—I am saying that the Government oppose this bill; that is all.

Deputy President.—But now the motion before the House is that the Bill be recommitted to a small committee.

Motion was put and carried.

Deputy President.—I think the Bill may be recommitted to the same committee.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—I submits, sair that the bill may be recommitted to a small committee consisting of the Deputy President, Mr. P. Govinda Menon, the Law Member and the mover.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan *(Ezhuvas South).*—I second it.

Motion was put and carried.

Deputy President.—The Deputy President will be Chairman. The committee is to report within four weeks.

The Cochin Tenancy and Kudiyiruppu Bill.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—Sir, I move that the discussion on the motion to refer the Tenancy and Kudiyiruppu Bill to a Select Committee be continued.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur).*— മിസ്റ്റർ പ്രസിഡൻറ്, സർ, ബഹുമാനപ്പെട്ട റവന്യൂ മെമ്പർ അവർകളുടെ ചില വാദമുഖങ്ങളെ സംബന്ധിച്ച് കുറഞ്ഞൊന്നു സംസാരിക്കാനാണ് ഞാൻ ഇവിടെ എഴുന്നേറ്റു നിൽക്കുന്നത്. വെറുമ്പാട്ടക്കുടിയാൻ ബിൽ മലബാറിൽ നിയമമാണെന്നും, അതു് ഇവിടെ നിയമമാക്കാതിരിക്കുന്നതിന്റെ കാരണമെന്താണെന്നും അദ്ദേഹം വിവരിച്ച ഭാഗമാണ് എനിക്കു അത്ര ബോദ്ധ്യമാവാത്തത്. അദ്ദേഹത്തിനു പ്രധാനമായി പറയുവാനുണ്ടായ ന്യായം മലബാറിൽ ഒരു ലഹള കഴിഞ്ഞതിനുശേഷം ആണ് ഈ ബിൽ അവിടെ നിയമമായതെന്നുള്ള കാരണംകൊണ്ട് കൊച്ചി രാജ്യത്തു് ഏതാദ്ദേശമായ ഒരു ലഹള ഇല്ലാത്തതിനാൽ കൊച്ചിരാജ്യത്തെ മലബാറുമായി താരതമ്യപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണ്. എന്റെ ഓർമ്മയിൽ അദ്ദേഹത്തിന്റെ വാദത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു വാദമുഖം അതായിരുന്നുവെന്നാണ്. ഒരു സുപ്രസിദ്ധ വാഗ്മിയായ അദ്ദേഹം അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽക്കൂടി ആ വാദം പ്രവഹിപ്പിച്ചപ്പോൾ അതിന്റെ അസംഭാവികതയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർക്കു തൽക്ഷണം ഒന്നും തോന്നിയില്ലെങ്കിലും പിന്നീടു അതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ അതിന്റെ അസംഭാവികതയും അപ്രായോഗികതയും ധാരാളം വെളിപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

മലബാറിൽ ക്ഷമാശീലമില്ലാത്ത, സഹിക്കുവാൻ ശക്തിയില്ലാത്ത, വികാരങ്ങൾക്കടിമപ്പെട്ടു അധീനമാകുന്ന, വിവേകം കുറഞ്ഞ, ബുദ്ധികുറഞ്ഞ, കുറെ ആളുകൾ സഹിക്കുവാൻ നിവൃത്തിയില്ലാതെ, ക്ഷമയില്ലാതെ പൊട്ടുന്നതുവെ വികാരംകൊണ്ടു ചെയ്തിരുന്ന ഒരു സംഗതി അവരേക്കാൾ ബുദ്ധിയിലും അവരേക്കാൾ വിദ്യാഭ്യാസത്തിലും അവരേക്കാൾ പൌരബോധത്തിലും ഉയർന്നിൽക്കുന്ന കൊച്ചീക്കാർ ചെയ്യുന്നില്ലെന്നുള്ളതു് എങ്ങിനെയൊരു കാരണമാകുമെന്നാണു ഞാൻ ചോദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly